ഭരണഭാഷ — മാതൃഭാഷ

നമ്പർ.സി.3/22487/ടി.സി./2011

ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്, കേരളം,

രണ്ടാം നില, ട്രാൻസ് ടവേഴ്സ്, വഴുതക്കാട്, തിരുവനന്തപുരം-14,

[☎0471-2333337/2333317 ഫാക്സ് 0471-2333314]

www.keralamvd.com [ഇ-മെയിൽ - tcoffice@keralamvd.gov.in ]

തീയ്യതി,29.08.2013..

പ്രേഷിതൻ,

ട്രാൻസ്പോർട്ട് കമ്മീഷണർ,
തിരുവനന്തപുരം.

സ്വീകർത്താവ് ,

ജില്ലാ കളക്ടർ,
കാസറഗോഡ്.

സർ,

വിഷയം :- ***മോട്ടോർ വാഹന വകുപ്പ്*** — ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവരുടെ യാത്രാ ആനുകൂല്യം — മറുപടി സംബന്ധിച്ച്.

സൂചന :- താങ്കളുടെ 30.07.2013- ലെ എൻ.പി.ആർ.പി.ഡി/കോ/കെ.എസ്.ഡി./പാസ്സ്/01/2013 നമ്പർ കത്ത്.

സൂചന പ്രകാരം, താങ്കൾ അയച്ചുതന്ന കത്തിലെ മോട്ടോർ വാഹന വകുപ്പുമായി ബന്ധപ്പെട്ട വിഷയങ്ങൾക്കുള്ള മറുപടി ചുവടെ ചേർക്കുന്നു.

1. സാമൂഹ്യ ക്ഷേമ വകുപ്പ് വികലാംഗർക്ക് നൽകുന്ന ഐഡന്റിറ്റി കാർഡ് സർക്കാർ ആവശ്യങ്ങൾ ലഭിയ്ക്കുന്നതിനുള്ള ആധികാരിക രേഖയായി കണക്കാക്കണമെന്ന് സർക്കാർ ഉത്തരവ് ഉണ്ട്. എന്നാൽ, ഈ തിരിച്ചറിയൽ കാർഡ് ഉപയോഗിച്ച് പ്രൈവറ്റ് ബസ്സിൽ യാത്ര ചെയ്യാൻ അനുവദിയ്ക്കുണമെങ്കിൽ സർക്കാരിന്റെ 05.01.1987—ലെ 1/87/പി. ഡബ്ലിയൂ ആന്റ് റ്റി എന്ന ഉത്തരവിൽ ഭേദഗതി വരുത്തേണ്ടതാണ്. ഈ ഉത്തരവിൽ അടിയന്തിരമായി ഭേദഗതി വരുത്തുവാൻ സർക്കാരിന് കത്തു നൽകുകയും ഇപ്പോൾ ഓർമ്മക്കുറിപ്പ് നൽകുകയും ചെയ്തിട്ടുണ്ട്.

2. 05.01.1987-ലെ മേൽ പറഞ്ഞ സർക്കാർ ഉത്തരവ് അനുസരിച്ച് 50% എങ്കിലും വൈകല്യം ഉള്ളവർക്ക് മാത്രമേ സ്വകാര്യ ബസ്സുകളിൽ യാത്രാ സൗജന്യത്തിന് അർഹതയുള്ളൂ. എന്നാൽ, 1995-ലെ persons with Disabilities Act അനുസരിച്ച് 40%-ഉം അതിലധികവും വൈകല്യമുള്ളവർ സർക്കാർ ആനുകൂല്യങ്ങൾക്ക് അർഹരായിരിയ്ക്കും എന്ന് പ്രതിപാദിച്ചിട്ടുള്ളതിനാൽ മേല്പറഞ്ഞ സർക്കാർ ഉത്തരവിൽ ഭേദഗതി വരുത്തി 40% വൈകല്യം ഉള്ളവർക്കും യാത്രാ സൗജന്യം അനുവദിയ്ക്കുണമെന്ന് സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. കെ.എസ്.ആർ.ടി,.സി.

ബസ്സുകളിൽ 40% വൈകല്യം ഉള്ളവർക്ക് യാത്രാ സൗജന്യത്തിന് അർഹത ഉണ്ടായിരിയ്ക്കുമെന്ന് ഉൾപ്പെടുത്തി നിലവിലുള്ള ഉത്തരവിനു സർക്കാർ ഭേദഗതി വരുത്തിയെങ്കിലും പ്രൈവറ്റ് ബസ്സിലെ യാത്രാ വൈകല്യത്തിന്റെ പരിധിയിൽ സർക്കാർ ഇതുവരെ മാറ്റം വരുത്തിയിട്ടില്ല. ഇക്കാര്യത്തിൽ സർക്കാരിനെ വീണ്ടും ഓർമ്മപ്പെടുത്തിയിട്ടുണ്ട് എന്ന് അറിയിയ്ക്കട്ടെ.

3. വികലാഗരുടെ യാത്രാ സൗജന്യത്തിലെ 40 കി.മീ എന്ന ദൂരപരിധി എടുത്തു മാറ്റണമെന്ന വിഷയത്തിൽ ഫെയർ റിവിഷൻ കമ്മിറ്റി റിപ്പോർട്ട് തയ്യാറാക്കി സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ദൂരപരിധി എടുത്തുമാറ്റി മേൽ സൂചന പ്രകാരമുള്ള സർക്കാർ ഉത്തരവിൽ ഭേദഗതി വരുത്തുന്നതിന് സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

4. നിലവിലുള്ള സർക്കാർ ഉത്തരവിൽ വികലാംഗ പസ്സിന്റെ കാലാവധി 3 വർഷമായി നിജപ്പെടുത്തിയിട്ടുണ്ട്. ഇതിൽ ഭേദഗതി വരുത്തിയാൽ മാത്രമേ വികലാംഗർക്ക് ഒറ്റത്തവണ വികലാംഗ പസ്സ് അനുവദിയ്ക്കുവാൻ സാധിയ്ക്കുകയുള്ളൂ. ആകയാൽ, സർക്കാരിന്റെ ഉത്തരവ് പ്രതീക്ഷിയ്ക്കുന്നു.

വിശ്വസ്തതയോടെ,

4/09.

സീനിയർ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർ
(ടാക്സേഷൻ)
ട്രാൻസ്പോർട്ട് കമ്മീഷണർക്ക് വേണ്ടി

12/9

പകർപ്പ്:-

എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും/
ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും.

വികലാംഗരുടെ വിഷയത്തിൽ അനുഭാവ പൂർണ്ണമായ നടപടികൾ സ്വീകരിയ്ക്കേണ്ടതും അവർക്ക് പ്രത്യേക പരിഗണന നൽകേണ്ടതുമാണന്ന് ഓർമ്മിപ്പിച്ചുകൊള്ളുന്നു.

ജെ.എസ്.